# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# ധനവാനും ദരിദ്രനും


എഴുതിയത്: Edward Hughes
ഉദാഹരണം : M. Maillot; Lazarus
അംഗികരിച്ചത്: Rev. Benny
തർജ്ജിമ ചെയുതത്: M. Maillot; Sarah S.


കഥ 44-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam

ധാരാളം മതഗുരുക്കന്മാർ ദൈവത്തെ സ്നേഹിക്കുന്നതിനെക്കാൾ അധികം പണത്തെ സ്നേഹിക്കുന്നുണ്ടെന്ന് യേശുവിനറിയാം. രണ്ടു മനുഷ്യർക്ക് എന്തു സംഭവിച്ചുവെന്നും ദൈവത്തെ കൂടാതെയുള്ള ധനം എന്തുകൊണ്ട് ഉപയോഗശൂന്യമാണെന്നും യേശു പറഞ്ഞു.



1

സ്വർഗത്തിൽ ദൈവത്തോടുകൂടെയുള്ള ജീവിതം വിലയ്ക്കുവാങ്ങുവാൻ ധനത്തിനു കഴിയുകയില്ല.



2


വളരെ വിലയുള്ള
മനോഹരമായ
വസ്ത്രങ്ങൾ
ഉണ്ടായിരുന്ന ഒരു
ധനവാൻ ജീവിച്ചിരുന്നു.
ഒരു രാജാവിനെപ്പോലെ
അവൻ വസ്ത്രധാരണം
ചെയ്യുമായിരുന്നു.
3


ആ ധനവാൻ മേൽത്തരമായ ഭക്ഷണങ്ങളും കഴിച്ചുവന്നു.
ഓരോ നേരത്തെ ആഹാരവും ഓരോ വലിയ വിരുന്നുപോലെ
ആയിരുന്നു. അവനു ധാരാളം പണം ഉണ്ടായിരുന്നതുകൊണ്ട്
പ്രഭാത ഭക്ഷണത്തിനോ, ഉച്ചഭക്ഷണത്തിനോ,
അത്താഴത്തിനോ, പിന്നെ ഇടനേരത്തെ
കൊച്ചുതീറ്റിയ്ക്കുവേണ്ടിയോ
എന്തുവേണമെങ്കിലും
വാങ്ങിച്ചുകൂട്ടുവാൻ
അവനു
കഴിഞ്ഞിരുന്നു.
4


എന്നാൽ ആ ധനവാന്റെ വീട്ടുവാതിൽക്കൽ
ദരിദ്രനും രോഗിയും ആയി പട്ടിണികിടക്കുന്ന ഒരു ഭിക്ഷക്കാരൻ
കിടന്നിരുന്നു. ലാസർ എന്നായിരുന്നു
അവന്റെ പേര്.
5


പാവം ലാസറിന്റെ ദേഹത്തൊക്കെ
വ്രണങ്ങളുണ്ടായിരുന്നു. അവന്
എന്തെങ്കിലും രോഗം
ഉണ്ടായിരുന്നിരിക്കണം. മുറിവുകളും
ചതവുകളുമൊക്കെ മറ്റുള്ളവരിൽനിന്ന്
കിട്ടിയതുമാകാം. പാൽ, ഇറച്ചി,
പച്ചക്കറികൾ തുടങ്ങിയ നല്ല
ഭക്ഷണത്തിന്റെ അഭാവം
കൊണ്ട് ഉണ്ടായതാകാം
തന്റെ വ്രണങ്ങൾ.
6


അല്പം ഭക്ഷണം
കിട്ടേണ്ടതിനായി
ലാസർ
കാത്തിരിക്കുമായിരുന്നു.
ആ ധനവാന്റെ
മേശയിൽനിന്നു വീഴുന്ന
എച്ചിലുകൊണ്ടുപോലും
അവൻ
തൃപ്തനാകുമായിരുന്നു.
7


തെരുവുനായ്ക്കൾപോലും
ചിലപ്പോൾ പാവപ്പെട്ട
ആ നിസ്സഹായനായ
ഭിക്ഷക്കാരന്റെമേൽ
കൂട്ടത്തോടെ
ചാരിക്കിടന്നിട്ടുണ്ടാവും.
8


അവറ്റകൾ അവന്റെ
ചുറ്റും നടക്കുകയും
മുറിവുകളിന്മേൽ
നക്കുകയും
ചെയ്തിട്ടുണ്ട്.
ലാസർ കൊടും
പട്ടിണിയിൽ
ആയിരിക്കുന്നത്
ഇതുവരെയും
ആരുടെയും കണ്ണിൽ
പെട്ടിട്ടില്ലെന്ന് തോന്നുന്നു.
അങ്ങനിരിക്കെ ഒരു
ദിവസം ലാസർ
ഉണർന്നില്ല.
9


പട്ടിണിപ്പാവമായ,
സുഹൃത്തുക്കളില്ലാത്ത
ആ
ഭിക്ഷക്കാരൻ
തന്റെ
ഈലോകജീവിതം
വിട്ടുപോയിരിക്കുന്നു.
ലാസർ
മരിച്ചുപോയി.
10


താൻ മരിച്ച നിമിഷം മുതൽ
തന്റെ സന്തോഷകാലം ആരംഭിച്ചു.
അബ്രഹാമിനോടൊപ്പം ആയിരിക്കുവാൻ
വേണ്ടി അവനെ കൊണ്ടുവരുവാൻ ദൈവം
ദൂതന്മാരോടു കല്പിച്ചു.
11


ആ ധനവാനും മരിച്ചു. തന്റെ സകല ധനം കൊണ്ടും അവനു
അവന്റെ ജീവൻ രക്ഷിക്കാനായില്ല. മരണം വരുമ്പോൾ അതിനെ
ആർക്കും തടയുവാൻ
കഴിയുകയില്ല.
12


ധനവാനെ കുഴിച്ചിട്ടു. അതൊരു വലിയ ശവസംസ്കാര
ചടങ്ങ് ആയിരുന്നിരിക്കണം. വിജയിയും ബുദ്ധിമാനുമായിരുന്നു
താനെന്ന് പറഞ്ഞ് ജനങ്ങൾ ധനവാനെ പുകഴ്ത്തിയിട്ടുണ്ടാവും.
എന്നാൽ അവരുടെ പുകഴ്ച വാക്കുകളും
അവനെ രക്ഷിച്ചില്ല. ആ ധനവാൻ
നരകത്തിലായിരുന്നല്ലോ.
13


നരകത്തിൽ, ധനവാൻ നിലവിളിച്ചു: “അബ്രഹാം പിതാവേ,
ആ ലാസറിനെ ഇങ്ങോട്ട് ഒന്ന് അയക്കണമേ, അവൻ തന്റെ
ചെറുവിരൽ വെള്ളത്തിൽ മുക്കി എന്റെ
നാവൊന്നു തണുപ്പിക്കട്ടെ,
ഞാനിവിടെ
തീക്കകത്ത്
പൊരിയുകയാണ്.”
14













ധനവാനും ദരിദ്രനും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ലൂക്കൊസ് 16

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.